# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5280

## 01-07-2019 ൽ മറുപടിക്ക്

## കിഫ്ബി മസാല ബോണ്ടിലെ ഏജന്റുമാർക്കും ഡീലർമാർക്കും നൽകേണ്ട വാർഷിക തുക

| ചോദ്യം<br>ശ്രീ. വി.ഡി.സതീശൻ<br>ശ്രീ. കെ.എസ്.ശബരീനാഥൻ<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. വി.പി.സജീന്ദ്രൻ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ മന്ത്രി) |
|---|---|
| (എ) കിഫ്ബി മസാല ബോണ്ടിലെ വിവിധ ഏജന്റുമാർക്കും, ഏജൻസികൾക്കും, ഡീലർമാർക്കും, നിയമ ഉപദേഷ്ടാക്കൾക്കുമായി നൽകേണ്ട വാർഷിക തുകകൾ ചേർത്ത് ഓരോ വർഷവും നൽകേണ്ട ഇഫക്റ്റീവ് പലിശ നിരക്ക് എത്രയാണെന്ന് വെളിപ്പെടുത്താമോ; | കിഫ്ബി മസാല ബോണ്ടിലെ വിവിധ ഏജൻസികൾക്ക് നൽകേണ്ട ഫീസ് കണക്കിലെടുത്ത് ഇഫക്റ്റീവ് വാർഷിക പലിശ നിരക്ക് 0.22% കൂടി വർദ്ധിക്കും. |
| (ബി) കിഫ്ബി ഇറക്കിയ മസാല ബോണ്ടുകളിൽ ഇത്രയും കൂടുതൽ ഏജന്റുമാർ, ഏജൻസികൾ ഡീലർമാർ, നിയമ ഉപദേഷ്ടാക്കൾ എന്നിവരെ നിയമിച്ചതിന്റെ കാരണം വെളിപ്പെടുത്താമോ; | മറ്റേത് മസാല ബോണ്ട് ഇടപാടുകളെയും പോലെ അന്താരാഷ്ട്ര വിപണിയിലെ നിലവാരത്തിനൊത്ത് നിയമിക്കേണ്ട ഏജന്റുമാർ, ഏജൻസികൾ ഡീലർമാർ, നിയമ ഉപദേഷ്ടാക്കൾ എന്നിവരെ മാത്രമേ കിഫ്ബിയുടെ മസാല ബോണ്ട് ഇടപാടുമായി ബന്ധപ്പെട്ട് നിയമിച്ചിട്ടുള്ളു. |
| (സി) ആഭ്യന്തര ബോണ്ടുകളുടെ വില്പനയ്ക്കായി ഇത്രയും കൂടുതൽ ഏജന്റുമാർ, ഏജൻസികൾ,ഡീലർമാർ,നിയമ ഉപദേഷ്ടകർ എന്നിവരുടെ സേവനം ആവശ്യമായി വരുമോ; വിശദമാക്കാമോ; | നിലവിലെ നടപടിക്രമങ്ങൾ പ്രകാരം ആഭ്യന്തര ബോണ്ട് ഇടപാടുകളുമായി ബന്ധപ്പെട്ട് അറേഞ്ചേഴ്സ്, രജിസ്ട്രാർ ആൻഡ് ട്രാൻസ്ഫർ ഏജന്റ്, ട്രസ്റ്റീ, ലീഗൽ കൗൺസൽ എന്നിവരെ നിയമിക്കേണ്ടത് അനിവാര്യമാണ്. |
| (ഡി) മസാല ബോണ്ടുകൾക്ക് ഇംഗ്ലണ്ടിലെ നിയമങ്ങൾ ബാധകമായതുകൊണ്ടാണോ ഒന്നിൽ കൂടുതൽ നിയമ ഉപദേശകരെ നിയമിക്കേണ്ട സാഹചര്യമുണ്ടായത്; വ്യക്തമാക്കാമോ? | അന്താരാഷ്ട്ര നിയമോപദേശത്തിന് അന്താരാഷ്ട്ര ലീഗൽ കൗൺസലിനേയും ഇന്ത്യൻ നിയമ വ്യവസ്ഥകൾ സംബന്ധിച്ച ഉപദേശങ്ങൾക്കായി ആഭ്യന്തര ലീഗൽ കൗൺസലിനേയും നിയമിക്കേണ്ടി വന്നു. ഇത് മസാല ബോണ്ട് ഇടപാടുകളിൽ സാധാരണയായി പാലിച്ചുവരുന്ന ഒരു നടപടിക്രമമാണ്. |

ജോയിന്റ് സെക്രട്ടറി